"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ല – കണ്ണൂർ ജില്ല, കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. എം.ടി. പുഷ്പരാജനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.758/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 17/04/2020

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 21.02.2017-ലെ ഡി9-44308/16 നമ്പർ കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 09.02.2018-ലെ ഡി9-44308/16 നമ്പർ നടപടിക്രമങ്ങൾ

3 സർക്കാരിന്റെ 26.02.2019-ലെ 68/EPB 3/2018 തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. എം.ടി. പുഷ്പരാജൻ സമർപ്പിച്ച പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 09.10.2019-ലെ PAN/6314/2019-D9(DP) നമ്പർ കത്ത്

## ഉത്തരവ്

ശ്രീ. എം.ടി. പുഷ്പരാജൻ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 03.03.2016 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധിയ്ക്ക് ശേഷവും 04.03.2016 മുതൽ ലീവ് അനുവദിച്ച് കിട്ടാതെ അധികൃത ഹാജരില്ലായ്മയിൽ തുടരുകയും, തുടർന്ന് ശ്രീ. എം.ടി. പുഷ്പരാജൻ സേവനത്തിൽ പുന:പ്രവേശിക്കുന്നതിനായി 28.06.2016-ന് സമർപ്പിച്ച അപേക്ഷയിന്മേൽ മുപ്പൈനാട് ഗ്രാമപഞ്ചായത്തിലേയ്ക്ക് നൽകിയ നിയമന ഉത്തരവ് കൈപ്പറ്റാതെ ഉത്തരവാദിത്തപ്പെട്ട സർക്കാർ ഉദ്യോഗസ്ഥനായ ടിയാൻ ലീവ് അനുവദിക്കാതെയും നിയമന അധികാരിയുടെ അനുമതിയില്ലാതെയും വിദേശത്ത് തുടരുക വഴി ഗുരുതരമായ അച്ചടക്ക ലംഘനം നടത്തുകയും കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും ചെയ്തു എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ശ്രീ. എം.ടി. പുഷ്പരാജൻ സേവനത്തിൽ പുന:പ്രവേശിപ്പിക്കണമെന്ന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സേവനത്തിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുകയും തുടർന്ന് ടിയാൻ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ടിയാനെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരവേ ടിയാൻ 31.12.2017-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ശ്രീ. എം.ടി. പുഷ്പരാജനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്ത് പരാമർശം (2) നടപടിക്രമങ്ങൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. നിയമനാധികാരിയുടെ അനുമതിയോ സർക്കാർ ഉത്തരവോ ഇല്ലാതെ നിശ്ചിത കാലാവധിയ്ക്ക് ശേഷവും ശ്രീ. എം.ടി. പുഷ്പരാജൻ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതുവഴി ഗുരുതരമായ അച്ചടക്ക ലംഘനവും ചട്ടലംഘനവും നടത്തിയിട്ടുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും കൂടാതെ

ടിയാൻ 30.06.2017-ന് സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിലും ടിയാനെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 3(എ) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലികമായി തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (4) പ്രകാരം ശ്രീ. എം.ടി. പുഷ്പരാജൻ പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. തുടർന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം പ്രതിവാദപത്രികയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എം.ടി. പുഷ്പരാജന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. എം.ടി. പുഷ്പരാജനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. എം.ടി. പുഷ്പരാജനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

   (പരാമർശം (1) മുതൽ (4) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. എം.ടി. പുഷ്പരാജൻ, മുൻ സീനിയർ ക്ലാർക്ക്, കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/68/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ